'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോട്ടയ്ക്കൽ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന- സെക്ഷൻ ക്ലാർക്ക് ശ്രീ. നാദിർഷാ.കെ -എതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2165/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/10/2019

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.10.2014 തീയതിയിലെ ഇ10(എസ്.സി.93/2013/എം.പി.എം) 35780/2013നമ്പർ കത്ത്

2 സർക്കാരിന്റെ 08.07.2015തീയതിയിലെ ഇയു2-239/2015-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 ശ്രീ. നാദിർഷാ.കെ സമർപ്പിച്ച 25.08.2015 തീയതിയിലെ പ്രതിവാദപത്രിക

4 30.04.2018 തീയതിയിലെ സ.ഉ(സാധാ)നം. 1224/2018/തസ്വഭവ

5 05.12.2018 തീയതിയിലെ സി1-5140/18 നമ്പർ അന്വേഷണറിപ്പോർട്ട്.

6 നഗരകാര്യ ഡയറക്ടറുടെ 28.02.2019 തീയതിയിലെ വി2-16418/15 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയ്ക്കൽ നഗരസഭയിലെ വാർഡ് 7.റീ.സ. 300/5, 6-ൽ ശ്രീ. മുഹമ്മദ് ഹാജി എന്നവർ ഒക്യുപ്പൻസി സർട്ടിഫിക്കറ്റിന് സമർപ്പിച്ച അപേക്ഷയിന്മേൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനെ തുടർന്ന് ടിയാൻ വിജിലൻസ് മുമ്പാകെ നൽകിയ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ മുനിസിപ്പൽ എഞ്ചിനീയർ അപേക്ഷകന് കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് നോട്ടീസ് നൽകാനായി 24/10/2013-ൽ ഫയലിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും സെക്ഷൻ ക്ലാർക്ക്

ശ്രീ. നാദിർഷ എന്നവർ ഫയലിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന് കണ്ടെത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർ ശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടിയാന് പരാമർ ശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ നാദിർഷാ സമർപ്പിച്ച മറുപടിയിൽ ശ്രീ മുഹമ്മദ് ഹാജി എന്നവർ 11.06.12-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ നടത്തിയ പരിശോധനയിൽ ടിയാൻ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് ചട്ടം 24 (3), 41 എന്നിവ ലംഘിച്ച് നിർമ്മാണം നടത്തിയെന്ന് കണ്ടെത്തിയതിനെ തുടർന്ന് 10.05.13- ന് നോട്ടീസ് നൽകിയിരുന്നതായും ആയതിന് അപേക്ഷകന്റെ ഭാഗത്ത് നിന്ന് യാതൊരു മറുപടിയോ അപേക്ഷയോ ലഭിച്ചിരുന്നില്ല എന്നും തുടർന്ന് ടി അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 15.05.13- ന് ശ്രീ മുഹമ്മദ് ഹാജി സമർപ്പിച്ച മറുപടിയിൽ ചട്ടലംഘനം ന്യായീകരിച്ചതായും എന്നാൽ പരിശോധനയിൽ നിർമ്മാണത്തിൽ യാതൊരു മാറ്റവും വരുത്തിയിരുന്നില്ല എന്ന് കണ്ടതായും ടി കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകാൻ സെക്രട്ടറി ഉത്തരവിട്ടതിനെ തുടർന്ന് നോട്ടീസ് തയ്യാറാക്കിയിരുന്നുവെങ്കിലും ജോലിത്തിരക്ക് കാരണം മനഃപൂർവ്വമല്ലാതെ വൈകിപ്പോയതാണെന്നും പിന്നീട് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും മറുപടി നൽകിയിരിക്കുന്നു. 7 സെക്ഷനുകളുടെ ചുമതല ഉണ്ടായിരുന്ന അവസരത്തിൽ ഫയലുകൾ മേലുദ്യോഗസ്ഥർക്ക് അയയ്ക്കുന്നതിന് പരാമവധി ശ്രദ്ധ പുലർത്തിയിരുന്നുവെങ്കിലും മനഃപൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കണമെന്നു മേലിൽ ഇത്തരം വീഴ്ചകളോ അലംഭാവമോ തന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതല്ലെന്നും ടിയാൻ മറുപടിയിൽ ബോധിപ്പിച്ചിരുന്നു.

3. ശ്രീ. കെ. നാദിർഷായ്ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരിക്കുന്നത് കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) റൂളിലെ ചട്ടം 15 പ്രകാരമായതിനാൽ ചട്ടത്തിലെ 15(ബി)പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർ പ്പിക്കുന്നതിന് പരാമർ ശം 4 പ്രകാരം കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ടി ജീവനക്കാരനെ നേരിൽ കേട്ടും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

4 . ശ്രീ നാദിർഷാ 10.09.18-ൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറോഫീസിൽ നേരിൽ ഹാജരായി നൽകിയ മൊഴിയിൽ കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടിയിൽ പറഞ്ഞത് തന്നെയാണ് ബോധിപ്പിച്ചിട്ടുള്ളത് എന്നും. കൂടുതലൊന്നും ബോധിപ്പിക്കാനില്ലെന്നും, കൂടാതെ ടിയാന് ചുമതല ഏൽപ്പിക്കപ്പെട്ട പി.ഡബ്ല്യു സെക്ഷന് പുറമേ ഓഡിറ്റ്, വിവരാവകാശം, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, സ്റ്റോർ, കേസുകൾ എന്നീ ജോലികളും ഏൽപ്പിക്കപ്പെട്ടിരുന്നു എന്നും മനഃപൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും മേലിൽ

ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ചയും അലംഭാവവും ഉണ്ടാവുകയില്ലെന്നും ടിയാൻ മൊഴി നൽകിയിട്ടുള്ളതായി റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

5. 08.07.2015 ലെ ചാർജ്ജ് മെമ്മോയിൽ ആരോപിച്ച പ്രകാരം ശ്രീ. മുഹമ്മദ് ഹാജി എന്നിവർക്ക് കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് നോട്ടീസ് നൽകാൻ മുനിസിപ്പൽ എഞ്ചിനീയർ 24.10.2013ൽ നിർദ്ദേശിച്ചിട്ടുള്ളതാണെന്നും കരട് നോട്ടീസ് തയ്യാറാക്കി സമർപ്പിക്കുന്നു എന്ന് ഫയൽ നോട്ടെഴുതിയെങ്കിലും ആയത് അംഗീകാരം വാങ്ങി കക്ഷിക്ക് നൽകിയതായോ നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടുള്ളതായോ ബന്ധപ്പെട്ട പി.ഡബ്ല്യു1-8751/12 നമ്പർ ഫയൽ കാണുന്നില്ലായെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ കെ.നാദിർഷാ നൽകിയ മൊഴിയിൽ ബോധിപ്പിച്ചത് പ്രകാരം ടിയാന് പി.ഡബ്ല്യു 1 സെക്ഷന് പുറമെ ജി 5 സെക്ഷന്റെ സ്റ്റോർ, വിവരാവകാശം എന്നിവയും എ 2 ഓഡിറ്റ് സെക്ഷന്റെ ചുമതലയും കൂടി ടിയാനെ ജോലിയിൽ പ്രവേശിപ്പിച്ച ഉത്തരവ് പ്രകാരം താൽക്കാലികമായി നൽകിയിട്ടുള്ളതായി കാണുന്നതായും മേൽ പ്രകാരം ടിയാന് അധിക ജോലി ഉണ്ടായിരുന്നു എന്നത് വസ്തുതാപരമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും എങ്കിലും മേൽ ഫയലിന്റെ വിഷയത്തിൽ ടിയാന് വീഴ്ച സംഭവിച്ചതായും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6 . നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ആരോപണവിഷയത്തിൽ കൊല്ലം നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ. കെ. നാദിർഷായ്ക്ക് വീഴ്ച സംഭവിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെതിരെ ഉചിതമായ തുടർനടപടി സ്വീകരിക്കാവുന്നതാ ണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട് കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി,കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവപ്രകാരം വിശദമായി പരിശോധിച്ചതിൽ കോട്ടയ്ക്കൽ നഗരസഭയിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.നാദിർഷയുടെ ഭാഗത്ത് ആരോപണവിഷയത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ കോട്ടയ്ക്കൽ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് ടി നഗരസഭയിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. നാദിർഷായ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതനവർധനവ് ആറു മാസത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ കെ നാദിർഷ, സെക്ഷൻ ക്ലാർക്ക്, കോട്ടയ്ക്കൽ നഗരസഭ

(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(03.07.2019 തീയതിയിലെ VIG-D4/218/2017-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ